ഉണ്ടാക്കുന്നതിനുള്ള നടപടി വേണം. അക്രമികൾക്ക് സൈരവിഹാരം നടത്താനുള്ള മറ്റു നടപടിയും ആ ഭാഗത്ത് ഉണ്ടാകാൻ പാടില്ല. പോലീസിന് കർശനമായ നിർദ്ദേശം ഇക്കാര്യത്തിലുണ്ടാകണം. ഈ കൊലപാതകികളെ കണ്ടുപിടിക്കാത്തിടത്തോളം കാലം അവിടെ ആളുകൾക്ക് സമാധാനപരമായി ജീവിക്കാനുള്ള അന്തരീക്ഷമുണ്ടാക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ശക്തമായ നടപടികളെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതിലെ പൊതുവായിട്ടുള്ള കാര്യങ്ങൾ പറഞ്ഞാൽ ശ്രദ്ധക്ഷണിക്കലിലൂടെ മറുപടി പറയാൻ ബുദ്ധിമുട്ടുണ്ടാകും. പക്ഷേ ഇവിടെ ഉന്നയിച്ച കാര്യങ്ങളിൽ രണ്ടു കേസുകളിൽ നേരിട്ട് കണ്ണിപ്രത്തേയും മറ്റേത് ആലത്തൂരേയും ആണ്. ഇത് രണ്ടിനെപ്പറ്റിയും അന്വേഷണത്തിൽ വേണ്ടിടത്തോളം തെളിവ് കിട്ടാത്തതുകൊണ്ട് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഇവിടെ വെള്ളത്തിൽ മുങ്ങി മരിച്ചുവെന്നു പറഞ്ഞു. പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ പറയുന്നത് വെള്ളത്തിൽ മുങ്ങിമരിച്ചു എന്നാണ്. ഒരു കാര്യം ഞാൻ പറയാം. മൂന്നടി വെള്ളം മാത്രം ഉള്ളതുകൊണ്ട് മുങ്ങിമരിക്കുകയില്ലെന്ന് തെറ്റിദ്ധാരണ ഉണ്ടാകരുത്. അത് ശാസ്ത്രീയമായിട്ട് പറയാൻ സാധിക്കുകയില്ല. എന്തായാലും അതിലെ കോൺട്രവേഴ്സിയിലേക്കൊന്നും ഞാൻ പോകുന്നില്ല. ആധികാരികമായി ഡോക്ടർ പോസ്റ്റുമാർട്ടം നടത്തിയിട്ട് പറഞ്ഞിരിക്കുന്നത് മുങ്ങി മരിച്ചുവെന്നാണ്.... (ബഹളം) .... അതുകൊണ്ട് എനിക്ക് നാട്ടുകാർ പറയുന്നതനുസരിച്ച് കേസ് എടുക്കാൻ പറ്റില്ല. ഒരു പോസിറ്റീവ് ആയിട്ടുണ്ടെങ്കിൽ അതിൽ സംശയമുള്ളതുകൊണ്ട്, അക്കാര്യം ക്രൈംബ്രാഞ്ചിന് വിട്ടുകൊടുത്തിരിക്കുകയാണ്. ക്രൈംബ്രാഞ്ച് അന്വേഷിച്ച് കുറ്റക്കാരെ കണ്ടുപിടിക്കും.

(4) പട്ടാമ്പി താലൂക്ക് രൂപീകരണം

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, പട്ടാമ്പി താലൂക്ക് രൂപീകരണം എന്ന ആവശ്യം ഈ സഭയിൽ വീണ്ടും ഞാൻ ഉന്നയിക്കുകയാണ്. നാളെ പട്ടാമ്പി, തൃത്താല മേഖലകളിലെ മുഴുവൻ ബഹുജനങ്ങളും പങ്കെടുത്തുകൊണ്ട് വഴി തടയലും ബന്ദും പണിമുടക്കുമൊക്കെ നടക്കുകയാണ്.

10 a.m.] പട്ടാമ്പി താലൂക്ക് രൂപീകരണ പ്രശ്നം വളരെ കാലപ്പഴക്കമുള്ളതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഇവിടെ ഭരണത്തിലുണ്ടായിരുന്ന കാലത്ത് നമ്മുടെ കേരള സംസ്ഥാനത്തിലെ ഏറ്റവും വലിയ ഒരു താലൂക്കാണ് ഒറ്റപ്പാലം താലൂക്കെന്നും ഭൂമിശാസ്ത്രപരമായി, ജനസംഖ്യാപരമായി വിഭജിക്കേണ്ടതാവശ്യമാണെന്നും, കേരള സംസ്ഥാനത്തിൽ വിഭജനം നടത്തുമ്പോഴ അതിൽ പ്രഥമ പരിഗണന നൽകേണ്ടത് പട്ടാമ്പി താലൂക്കിനാണെന്നും തീരുമാനിക്കുകയും, അതിന്റെ നടപടികളും ആരംഭിക്കുകയും ചെയ്തതാണ്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനു ശേഷം ആ നടപടികളും പിന്നീട് നിർത്തിവച്ചു. ഇപ്പോൾ താലൂക്കുകളും അംഗീകരിച്ചുകൊടുക്കുന്നത്, ജില്ലകളും അംഗീകരിച്ചുകൊടുക്കുന്നത് ചില രാഷ്ട്രീയ പരിഗണനകളും വച്ച്, കാല് മാറ്റത്തിനും കൂറുമാറ്റത്തിനും പ്രേരണക്കും വിധേയമായിക്കൊണ്ടാണെന്നാണ് കേൾക്കുന്നത്. പക്ഷേ ഒരു താലൂക്കിനോ ജില്ലക്കോ വേണ്ടി ഞങ്ങളാരും കെ. കെ. നായരാവാനൊന്നും തീരുമാനിച്ചിട്ടില്ല. എന്നാൽ ഭരണപരമായ സൗകര്യത്തിനും, ജനങ്ങളുടെ സൗകര്യത്തിനും, ഇതുപോലെ വിസ്തൃതമായ ഒരു മേഖല വിഭജിക്കണം എന്നതാണെങ്കിൽ അത് ഗവൺമെന്റ് ആ രീതിയിൽ തന്നെ അംഗീക

LIBRARY ARCHIVES Kerala Legislative Assembly

രിക്കണം. ഇതിനെന്തെങ്കിലും മാനദണ്ഡം ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ? താലൂക്കും ജില്ലയും രൂപീകരിക്കുന്നതിന് വല്ല മാനദണ്ഡവും ഈ ഗവൺമെന്റിനുണ്ടോ? ദീർഘകാലമായുള്ള ജനങ്ങളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ, താലൂക്ക് രൂപീകരിക്കപ്പെടുമ്പോൾ ഈ ഗവൺമെന്റ് അംഗീകരിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മുൻഗണനാക്രമം വച്ചുകൊണ്ടാണോ, താലൂക്കും ജില്ലയും ഇവിടെ രൂപീകരിക്കുന്നത്. അങ്ങനെ ഒരു പരിഗണന നൽകുന്നു എങ്കിൽ അതിന്റെ അടിസ്ഥാനത്തിലെങ്കിലും ഈ വരാൻപോകുന്ന തെരഞ്ഞെടുപ്പിനു മുമ്പെങ്കിലും പട്ടാമ്പി താലൂക്ക് രൂപീകരണം പ്രഖ്യാപിക്കാൻ കഴിയുമോ ബഹുജനപ്രക്ഷോഭം വളർന്നു വരുന്നതിനും പല സ്ഥലങ്ങളിലും താലൂക്കിന്റെ ആവശ്യം ഉയർന്നു വരുന്നതിനും ഈ ഗവൺമെന്റിന്റെ നയം അവസരമുണ്ടാക്കി, ഇത്തരത്തിൽ ജനങ്ങളെ തമ്മിലടിപ്പിക്കുന്നതിന് പകരം, ശാസ്ത്രീയമായി ഏതെല്ലാം താലൂക്കുകളാ വിഭജിക്കേണ്ടതുണ്ട്, അത് പരിശോധിക്കുകയും, അതിന്റെ മുൻഗണനാ ക്രമത്തിൽ ഏതെല്ലാമാണ് അടിയന്തിരമായി നടപ്പിലാക്കേണ്ടതെന്ന് പരിശോധിച്ച് അത് നടപ്പിലാക്കുന്നതിന് നടപടി എടുക്കുകയും വേണം. അങ്ങനെ നിങ്ങൾ തീരുമാനിക്കുന്നു എങ്കിൽ അതിലൊന്നാം സ്ഥാനം പട്ടാമ്പിക്കായ രിക്കും എന്ന കാര്യത്തിൽ എനിക്കൊരു സംശയവുമില്ല. അടിയന്തിരമായി ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ആ പ്രഖ്യാപനമുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു, അതിനുവേണ്ടി ആവശ്യപ്പെടുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, താലൂക്കുകൾ രൂപീകരിക്കാൻ മാനദണ്ഡങ്ങളൊക്കെ അംഗീകരിച്ചിട്ടുണ്ട്. വിസ്തീർണ്ണം, ജനസംഖ്യ, ഭരണസൗകര്യം അതിനെയൊക്കെ അടിസ്ഥാനപ്പെടുത്തിയാണ് താലൂക്കുകൾ രൂപീകരിക്കുന്നത്. പക്ഷെ 1970 മുതൽ പരിശോധിച്ചിട്ടും ഇത് പ്രായോഗികമാകാതെ ഇരിക്കുന്നതിന്റെ ഒരു കാരണം ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞതാണ്. നാളെ അവിടെ ഹർത്താലും, ബന്ദും എല്ലാം പ്രഖ്യാപിച്ചിട്ടുണ്ട്. 43 താലൂക്കുകൾ വിഭജിക്കാമെന്നാണ്. ശക്തമായ പ്രക്ഷോഭണം ഉണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിവേദനം കിട്ടിയിട്ടുള്ളത്. അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ 1981-ലെ ഗവൺമെന്റ് ആലോചിച്ചു, ആലോചിച്ചാൽ തീരുമാനിക്കാൻ സമയമൊന്നും വേണ്ട. അന്ന് നടക്കാതിരുന്നതിന്റെ കാരണത്തെപ്പറ്റിയും മെമ്പർക്ക് ആലോചിക്കാവുന്നതാണ്. ഏതായാലും താലൂക്ക് വിഭജിക്കുന്ന സമയത്ത് പട്ടാമ്പിയുടെ കാര്യവും പരിഗണിക്കുന്നതാണ്.

(5) മുരുകപ്പനാശാരി എന്നയാളെ നിയമവിരുദ്ധമായി ലോക്കപ്പിൽ വച്ച സംഭവം

ശ്രീ. ഇ. കെ. നായനാർ: സർ, നമ്മുടെ മുഖ്യമന്ത്രിയുടെ വകുപ്പിൽപെട്ട പോലീസിന്റെ പ്രവർത്തനത്തിന്റെ ഒരു കണ്ണാടിയാണ്, ഈ തിരുവനന്തപുരത്ത് നടന്ന ഒരു സംഭവത്തിൽ പ്രതിഫലിച്ചിട്ടുള്ളത്. ഞാൻ പ്രതീക്ഷിക്കുന്നത് മുഖ്യമന്ത്രി ഇക്കാര്യത്തിലെങ്കിലും സത്യം പറയുമോ എന്നാണ്. ഗുരുവായൂരപ്പനെ എപ്പോഴും സന്ദർശിക്കുന്ന മുഖ്യമന്ത്രി ഇക്കാര്യത്തിലെങ്കിലും സത്യം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്, സാധാരണ ഇല്ലെങ്കിലും. ഇന്നലെ ഞാൻ സഭയിൽ പറഞ്ഞു ഇവിടെ നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന വെടിവെയ്പിനെ സംബന്ധിച്ച്. ഇക്കഴിഞ്ഞ ഞായറാഴ്ച തിരുവനന്തപുരത്ത് ചാക്കയിലെ തങ്കശ്ശേരി രത്നവിലാസിൽ മുരുകപ്പനാശാരി എന്ന ആളെ കൺറോൺമെന്റ് പോലീസ് അറസ്റ്റ് ചെയ്തു. ഇന്നലെവരെ ഈ സഭയുടെ മുമ്പിലുള്ള കൺറോൺമെന്റ് പോലീസ് അദ്ദേഹത്തെ ലോക്കപ്പിലിട്ടു. ഇന്നലെ ഞാൻ എന്റെ ആഫീസിൽ

LIBRARY ARCHIVES Kerala Legislative Assembly